പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3170 | 20.06.2014 ലെ മറുപടിയ്ക്ക്

**രാസവളത്തിന്റെ വിലവർദ്ധന**

ചോദ്യം

ശ്രീ. വി. എസ്. സുനിൽ കുമാർ

രാസവള വിലവർദ്ധന കാർഷിക മേഖലയിൽ വൻ പ്രത്യാഘാതമുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാസവളവില വർദ്ധനവ് മൂലം കർഷകർക്ക് മൊത്തം കൃഷി ചെലവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കേന്ദ്രഗവണ്മെന്റ് 01.04.2010 മുതൽ ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി നടപ്പിലാക്കിയതു മൂലം യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം വളംനിർമ്മാണകമ്പനികളിൽ നിക്ഷിപ്തമാണ്. സബ്സിഡി തുക നിലവിൽ കമ്പനികൾക്ക് നേരിട്ട് നൽകുകയും സബ്സിഡി കഴിച്ചുള്ള വിലയ്ക്ക് രാസവളം പൊതുവിപണിയിൽ ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്.

01.04.2012 മുതൽ കേന്ദ്രഗവണ്മെന്റ് സബ്സിഡി നിരക്ക് ഘട്ടംഘട്ടമായി കുറച്ച് കൊണ്ടുവരുന്നത് വിലവർദ്ധനവിന് ഇടയാക്കി. സംസ്ഥാനത്ത് രാസവള വിലക്കയറ്റം മൂലമുള്ള പ്രതിസന്ധി ഒരു പരിധി വരെ പരിഹരിക്കുന്നതിന് നെല്ല്, തെങ്ങ്, പച്ചക്കറി തുടങ്ങിയ വിളകൾക്ക് കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ ഉല്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് പരമാവധി 50% വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന രാസവളങ്ങളെ വാറ്റ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ.